KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 23/06/2021

<u>സർക്കുലർ നമ്പർ **57/2021 (BD)**</u>

വിഷയം: ഡോർ കളക്ഷൻ/ ക്യാൻവാസിംഗ് ഏജന്റുമാരുടെ പുതുക്കിയ ആനുകൂല്യങ്ങൾ സംബന്ധിച്ച്.

സൂചന: 1. സർക്കുലർ നമ്പർ 88/2008 (BD) തീയതി 28/08/2008.
2. സർക്കുലർ നമ്പർ 19/2009 (BD) തീയതി 31/01/2009.
3. സർക്കുലർ നമ്പർ 21/2010 (BD) തീയതി 28/05/2010.
4. സർക്കുലർ നമ്പർ 32/2017 (BD) തീയതി 17/04/2017.
5. സർക്കുലർ നമ്പർ 65/2010 (BD) തീയതി 17/12/2010.
6. സർക്കുലർ നമ്പർ 50/2017 (BD) തീയതി 17/07/2017.
7. 28/04/2021 തീയതിയിലെ 546 മത് ബോർഡ് യോഗത്തിലെ 9260 നമ്പർ തീരുമാനം.

****

28/04/2021 തീയതിയിലെ 546 മത് ബോർഡ് യോഗത്തിലെ 9260 നമ്പർ തീരുമാനം അനുസരിച്ച് കെ.എസ്.എഫ്.ഇ ഡോർ കളക്ഷൻ /ക്യാൻവാസിംഗ് ഏജന്റുമാരുടെ കമ്മീഷൻ വ്യവസ്ഥകളിൽ താഴെ പറയുന്ന പ്രകാരം മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

<table>
<tr><td>I</td><td colspan="2">നിലവിലുള്ള കമ്മീഷൻ നിരക്ക്</td><td colspan="3">പുതുക്കിയ നിരക്ക്</td></tr>
<tr><td></td><td colspan="2"></td><td>1</td><td>2</td><td>3</td></tr>
<tr><td></td><td colspan="2"></td><td>കാലാവധി 60 മാസത്തിൽ താഴെ</td><td>കാലാവധി 60 മാസം മുതൽ100 മാസത്തിൽ താഴെ</td><td>കാലാവധി 100 മാസം മുതൽ 120 മാസം വരെ</td></tr>
<tr><td>1.</td><td>തവണ സംഖ്യ 5000 രൂപയോ അതിനു താഴെയോ</td><td>15%</td><td>15%</td><td>16%</td><td>17%</td></tr>
<tr><td></td><td></td><td></td><td colspan="2">1</td><td>2</td></tr>
<tr><td></td><td></td><td></td><td colspan="2">കാലാവധി 100 മാസത്തിൽ താഴെ</td><td>കാലാവധി 100മാസം മുതൽ 120 മാസം വരെ</td></tr>
<tr><td>2.</td><td>തവണ സംഖ്യ 5000 രൂപയ്ക്ക് മുകളിൽ</td><td>12%</td><td colspan="2">13%</td><td>14%</td></tr>
<tr><td>3.</td><td>തവണ സംഖ്യ 10000 രൂപയ്ക്ക് മുകളിലും കാലാവധി 40 മാസത്തിൽ താഴെയും</td><td>10%</td><td colspan="3">മാറ്റമില്ല</td></tr>
</table>

**II**. സർക്കുലർ നമ്പർ 50/2017 (BD) dt. 17/07/2017 പ്രകാരം 10000 രൂപയ്ക്കു മുകളിൽ പണമായി സ്വീകരിക്കുമ്പോൾ (ക്യാഷ് പിരിവിനു മാത്രം) നൽകുന്ന കമ്മീഷൻ താഴെ പറയുന്ന രീതിയിൽ ആയിരുന്നത് 10000 രൂപയ്ക്ക് താഴെയുള്ള പിരിവിന് (ചെക്ക്, ക്യാഷ് പിരിവ് സഹിതം) നൽകിയിരുന്നതിന് സമാനമായി പുതുക്കി നൽകുന്നതാണ്.

| | **സർക്കുലർ നമ്പർ 50/2017 പ്രകാരം 10000/-രൂപയ്ക്ക് മുകളിൽ പണമായി ശേഖരിക്കുമ്പോൾ നൽകുന്ന കമ്മീഷൻ** | | |
|---|---|---|---|
| | | **നിലവിലുള്ളത്** | **പുതുക്കിയത്** |
| 1 | 10 ലക്ഷം വരെ | 1% | 1 ½% |
| 2 | 10 ലക്ഷത്തിനു മുകളിൽ 18 ലക്ഷം വരെ | ¾ % | 1% |
| 3 | 18 ലക്ഷത്തിന് മുകളിൽ | ½ % | ½% |

| | | **നിലവിലുള്ളത്** | **പുതുക്കിയത്** |
|---|---|---|---|
| | **ചെക്ക് കളക്ഷൻ 10000/- രൂപയ്ക്ക് മുകളിൽ** | 150/- രൂപ | 1½%<br>*(പരമാവധി 200/- രൂപ) |

**III.** തുടർച്ചയായി 3 തവണയിൽ കൂടുതൽ ചിട്ടി അടവ് മുടക്കം വരുത്തിയ ചിറ്റാളനെ സ്പ്രെഡ് ഷീറ്റിൽ നിന്നും നീക്കം ചെയ്യുന്ന പതിവ് നിലവിലുണ്ട്. ഇപ്പോൾ 3 തവണ എന്നത് 5 തവണയായി മാറ്റം വരുത്തിയിട്ടുണ്ട്. അതിനാൽ ഇനി മുതൽ 5 തവണയിൽ കൂടുതൽ മുടക്കം വരുത്തിയാൽ മാത്രമേ അവരുടെ പേരുകൾ സ്പ്രെഡ് ഷീറ്റിൽ ലഭിക്കാതിരിക്കുകയുള്ളൂ.

**IV.** 31/01/2009 ലെ 19/2009 സർക്കുലർ പ്രകാരമുള്ള കമ്മീഷൻ തിരിച്ചു പിടിക്കൽ വ്യവസ്ഥ (നാലാമത്തെ തവണ തീയതിയിൽ ആദ്യ 3 തവണകൾ അടച്ചിട്ടില്ല എങ്കിൽ കമ്മീഷൻ തിരിച്ചു പിടിക്കുമെന്ന വ്യവസ്ഥ) അതേപടി തുടരും. സർക്കുലർ നമ്പർ 65/2010 dt. 17/12/2010 പ്രകാരം ഓരോ വർഷവും ജനുവരി മാസത്തിൽ കമ്മീഷൻ തിരിച്ചു പിടിച്ച ടിക്കറ്റുകളിലെ തലേ മാസം (ഡിസംബർ) വരെയുള്ള തവണകൾ അടച്ചാൽ 6 തവണകൾ പിന്നിട്ട അക്കൗണ്ടുകളിലെ തിരിച്ചു പിടിച്ചു വച്ച കമ്മീഷൻ തിരിച്ചു നൽകുമെന്ന വ്യവസ്ഥയിൽ ഭേദഗതി വരുത്തി ചിട്ടിയിലെ കുടിശ്ശിക തീർക്കുന്ന മുറയ്ക്ക് തിരിച്ചു പിടിച്ച കമ്മീഷൻ അനുവദിച്ചു നൽകാവുന്നതാണ്.

**(*10000/-രൂപയ്ക്ക് മുകളിലുള്ള ചെക്കുകളുടെ കമ്മീഷൻ നവീകരിച്ചതിനാൽ 10000/- രൂപയ്ക്കു മുകളിൽ തവണ സംഖ്യയുള്ള ചിട്ടികളിൽ കൂടുതൽ കമ്മീഷൻ നേടുന്നതിനായി ഒരു ചിട്ടിയുടെ തവണ സംഖ്യയ്ക്ക് ഒന്നിൽ കൂടുതൽ ചെക്കുകൾ അടുത്തടുത്ത ദിവസങ്ങളിൽ നൽകുന്ന പ്രവണത ചില സ്ഥലങ്ങളിൽ കണ്ടു വരുന്നുണ്ട്. കമ്മീഷൻ വ്യവസ്ഥയുടെ പൊതുവായ ആശയത്തിന് വിരുദ്ധമായതിനാൽ ഈ രീതി അവസാനിപ്പിക്കേണ്ടതുമാണ്).**

മേൽ പറഞ്ഞ മാറ്റങ്ങൾ 01/07/2021 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. **എല്ലാ മേഖലാ ഓഫീസുകൾക്കും**
2. **ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും**
3. **എല്ലാ IAD ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും**
4. **സർക്കുലർ ഫയൽ**
5. **MD യുടെ PA**
6. **എല്ലാ SDT ഓഫീസുകൾക്കും**
7. **എ.ജി.എം (ഐ.ടി) : മേൽ പറഞ്ഞ മാറ്റങ്ങൾ കാസ്ബയിൽ വരുത്തേണ്ടതാണ്.**